പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3185 19-06-2019-ന് മറുപടിയ്ക്ക്

## വെജിറ്റബിൾ പാർക്കുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി. ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തേങ്ങ, വാഴപ്പഴം, തേൻ, മാമ്പഴം ഉൾപ്പെടെയുള്ള വെജിറ്റബിൾ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തേങ്ങ, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ ഉൾപ്പെടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തൃശൂർ ജില്ലയിൽ കണ്ണാറ ഫാമിൽ തേനും വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കും കോഴിക്കോട് ജില്ലയിലെ വെങ്ങേരിയിലും കൂത്താളിയിലും ഓരോ കോക്കനട്ട് പാർക്ക് വീതവും പാലക്കാട് ജില്ലയിലെ മുതലമട സ്റ്റേറ്റ് സീഡ് ഫാമിൽ ഒരു മാമ്പഴ അഗ്രോ പാർക്കും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിൽ "പഴത്തോട്ട"ത്തിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോ പാർക്കുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പാർക്കുകളുടെ മേൽനോട്ടം ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ബനാന & ഹണി പാർക്കിന്റെയും നാളികേര പാർക്കിന്റേയും മേൽനോട്ടം Kerala Agro Industries Corporation LTD (KAICO) നും മാമ്പഴ പാർക്കിന്റെ മേൽനോട്ടം പബ്ലിക്ക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ INKEL നുമാണ് നൽകിയിരിക്കുന്നത്. കൂടാതെ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി VFPCK യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>തൃശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ ബനാന & ഹണി പാർക്ക് സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB) - ന് സമർപ്പിക്കുകയും തുടർന്ന് 14.2 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും കിട്ടിയിട്ടുള്ളതും ആകുന്നു. തുടർന്നുള്ള സാങ്കേതി |

| | | | |
|---|---|---|---|
| | | | ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു.<br>കൂടാതെ കോഴിക്കോട് ജില്ലയിലെ വെങ്ങേരി കാർഷിക വ്യപാര കേന്ദ്രത്തിലും കൂത്താളിയിലെ ജില്ലാ കൃഷിത്തോട്ടത്തിലുമായി നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 20 കോടി രൂപ വീതം ഭരണാനുമതി നൽകിയിട്ടുള്ളതും അതിൻ പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ രണ്ട് കോക്കനട്ട് പാർക്കുകളുടെ DPR തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കൃഷിരീതികൾ എന്നിവ സാധ്യമാക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുവാൻ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ചെറുകിട/ ഇടത്തരം സംരംഭങ്ങൾക്ക് പുറമെ സൂക്ഷമ സംരംഭങ്ങൾക്കും SFAC പ്രോജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകി വരുന്നുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ ഉൾപ്പെടെയുള്ള ബാങ്കബിൾ പ്രോജക്ടുകൾ ആണ് SFAC സ്വീകരിച്ചു വരുന്നത്.<br>പ്രവർത്തന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കാർഷികോൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പുനലൂരിൽ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പ്രവർത്തിക്കുന്നു. മാംഗോ ജ്യൂസ് (റെഡി ടു സെർവ് - RTS), പൈനാപ്പിൾ സിറപ്പ്, ജാം, അച്ചാറുകൾ, തേനിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു. ജ്യോതി എന്ന ബ്രാൻഡിൽ ഈ ഉൽപ്പന്നങ്ങൾ വിപണിയിൽ<br>ഇറക്കുന്നു. ചക്കയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടി മാളയിൽ ഒരു ചക്ക സംസ്ക്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.<br>മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം സാദ്ധ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം 11 അഗ്രോ ബാസറുകളും തൃശ്ശൂരിൽ ഒരു അഗ്രോ ഹൈപ്പർ ബസാറും സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | കാർഷിക ഉപകരണങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും തകരാറിലായിക്കിടക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങളിലെയും കാർഷിക കർമ്മസേനകളിലെയും ലഭ്യമായിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് പൂർത്തികരിച്ചു. ഇവയിൽ കേടായിക്കിടക്കുന്ന യന്ത്രങ്ങളുടെ സ്ഥിതി വിവര കണക്കുകളും ശേഖരിച്ചു. കേടായിക്കിടക്കുന്നു കാർഷിക യന്ത്രങ്ങൾ അടിയന്തിരമായി കേടുപാടുകൾ തീർത്ത് പ്രവർത്തന സജ്ജമാക്കുന്നതിന് കാർഷിക 'യന്ത്രപരിരക്ഷണ യജ്ഞം' എന്ന കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിനനുസരിച്ച് ജില്ലതോറും കാർഷിക യന്ത്ര കിരണ സേന എന്ന നാമത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപികരിച്ചിട്ടുണ്ട്. ഇതിൽ ഒരു കാർഷിക എൻജിനീയറിങ് ട്രെയിനി, രണ്ട് ഭക്ഷ്യസുരക്ഷാസേനാവിഭാഗം മുഖ്യ പരിശീലകർ, യന്ത്രവൽക്കരണ മിഷന്റെ നാല് പ്രൊജക്റ്റ് അഗ്രിക്കൾച്ചർ മെക്കാനിക്ക് ട്രെയിനി എന്നിവരടങ്ങുന്ന ഏഴംഗ വിദഗ്ധ സംഘം രൂപീകരിച്ച് ജില്ലാതലത്തിൽ കേന്ദ്രീകരിച്ച് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയാണ്. ഇപ്രകാരം ഓരോ ജില്ലയിലും പന്ത്രണ്ടു ദിവസം നീണ്ടുനിന്ന കാർഷിക യന്ത്ര കിരൺ സ്ക്വാഡ് ക്യാമ്പ് നടത്തി ഏകദേശം 350 ലക്ഷം രൂപ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ എന്നിവയിൽനിന്നും തിരഞ്ഞെടുത്ത ഇരുപത് സേവനദായകർക്ക് പന്ത്രണ്ട് ദിവസം ഈ ക്യാമ്പിൽ കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയിൽ നൈപുണ്യപരിശീലനം നൽകി ഈ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തരാക്കി. ഈ വർഷത്തിൽ കാർഷിക സേവന കേന്ദ്രങ്ങളുടെ കീഴിൽ ഓരോ ജില്ലയിലും കാർഷിക യന്ത്രങ്ങ |

| | | | |
|---|---|---|---|
| | | | ളുടെ അറ്റകുറ്റപ്പണി വർക്ക് ഷോപ്പ് അഞ്ചെണ്ണം വീതം ആരംഭിക്കുന്നതുമാണ്.<br>കാർഷിക സേവന കേന്ദ്രം, കർമ്മ സേന എന്നിവ കൂടാതെ മറ്റിതര സ്കീമുകൾ മുഖേന കൃഷിവകുപ്പും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും നല്കിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ നേതൃത്വത്തിൽ നടത്തിവരികയാണ്. കണക്കെടുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ വേണ്ടിവരുന്ന കാർഷിക യന്ത്രങ്ങളുടെ കണക്ക് ക്രോഡീകരിച്ച് കേടായ മുഴുവൻ കാർഷിക യന്ത്രങ്ങളും "കാർഷിക യന്ത്രപരിരക്ഷണ യജ്ഞത്തിന്റെ" പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തി കാർഷിക യന്ത്ര കിരൺ സ്ക്വാഡ് മുഖേന അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനസജ്ജമാക്കുന്നതിന് കാർഷിക യന്ത്രവൽക്കരണ മിഷന്റെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ